# നീര വെൻഡിങ് മെഷീൻ സ്ഥാപിക്കാൻ കാർഷിക സർവകലാശാല

മണ്ണുത്തി ● നവീന രീതിയിലുള്ള അഗ്രിമാൾ മണ്ണുത്തിയിൽ സ്ഥാപിക്കാൻ കേരള കാർഷിക സർവകലാശാല ബജറ്റിൽ നിർദേശം.

കൃഷി, കൃഷി അനുബന്ധ മേഖലകളിൽ പുതിയ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, പിജി ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കും.

സംസ്ഥാനത്തു പ്രധാന കേന്ദ്രങ്ങളിൽ നീര വെൻഡിങ് മെഷീൻ, ടെക്നോളജി ഹബ്, നാളികേരത്തിൽനിന്നു മൂല്യവർധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന പദ്ധതി, കുപ്പിവെള്ള സംസ്കരണ പ്ലാന്റ്, ചെറുകിട യന്ത്രോപകരണങ്ങളുടെ രൂപകൽപനകേന്ദ്രം തുടങ്ങിയവയും ബജറ്റിൽ വിഭാവനം ചെയ്യുന്നു.

480.20 കോടി ചെലവും അത്ര തന്നെ വരവുമുള്ള സർവകലാശാല ബജറ്റിനു കാർഷിക സർവകലാശാല ജനറൽ കൗൺസിൽ അംഗീകാരം നൽകി.

പദ്ധതിയേതര ഇനത്തിൽ 245.3 കോടിയും പദ്ധതിയിനത്തിൽ 45 കോടിയും ബാഹ്യ സഹായ ഗവേഷണത്തിൽ 42.33 കോടി ചെലവും പ്രതീക്ഷിക്കുന്ന ബജറ്റാണു ഭരണസമിതിയംഗം തോമസ് ഉണ്ണിയാടൻ എംഎൽഎ അവതരിപ്പിച്ചത്.